പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5186</u> <u>27/06/2019-ൽ മറുപടിക്ക്</u>

## ആയുഷ് പദ്ധതി

**ചോദ്യം**
ശ്രീ.സജി ചെറിയാൻ

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആയുഷ് പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | (എ) | ആയുഷ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭാരതീയ ചികിത്സാ സമ്പ്രദായം, ഹോമിയോപ്പതി, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം എന്നീ വകുപ്പുകളും നാഷണൽ ആയുഷ് മിഷനും നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട പദ്ധതികൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ആയുഷ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ? | (ബി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ ഒരു ആശുപത്രിയും 10 ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നുണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2019 വർഷത്തിൽ 12 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും 1515 പേർക്ക് ക്യാമ്പിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1 മുതൽ 10 വരെ ക്ലാസ്സിലെ സ്കൂൾ കുട്ടികളിലെ ഇരുമ്പിന്റെ അഭാവം മൂലമുണ്ടാകുന്ന അനീമിയ ക്രമപ്പെടുത്തുന്നതിനുള്ള സ്കൂൾ ഹെൽത്ത് പ്രോഗ്രാമായ 'പ്രസാദം' പദ്ധതി ചെങ്ങന്നൂർ ഗവ. ആയുർവേദ ആശുപത്രിയിൽ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.<br>ഇതിന് പുറമേ ചെങ്ങന്നൂർ ഗവ. ആയുർവേദ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആകെ 417 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തികൾ നടന്നു വരുകയും ചെയ്യുന്നു. നിലവിൽ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വർക്ക് ചെയ്യുന്നതിനായി മണ്ണ് എടുക്കുന്ന ജോലികളാണ് നടന്നു വരുന്നത്.<br>ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ തിരുവൻവണ്ടൂർ, പാണ്ടനാട്, ചെറിയനാട്, പുലിയൂർ, മാന്നാർ എന്നിവിടങ്ങളിൽ ഗവ. ഹോമിയോ ഡിസ്പെൻസറികളും ആല, മുളക്കുഴ, ബുധനൂർ, ചെങ്ങന്നൂർ, വീയപുരം എന്നിവിടങ്ങളിൽ ആയുഷ് പ്രൈമറി ഹോമിയോ ഹെൽത്ത് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ സമഗ്ര ഹോമിയോ ചികിത്സയും |

| | | | |
|---|---|---|---|
| | | | ഔഷധ വിതരണവും നടത്തി വരുന്നു. കാലാകാലങ്ങളിൽ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങളും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു. പ്രളയ സമയത്ത് ചെങ്ങന്നൂർ താലൂക്കിൽ വിവിധ സ്ഥലങ്ങളിൽ കൂടുതൽ മെഡിക്കൽ ഓഫീസർമാരെ നിയമിച്ച് 26 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചും ഔഷധ വിതരണം നടത്തിയും പ്രളയ ബാധിതരെ പരമാവധി സഹായിക്കുവാൻ കഴിഞ്ഞു. കൂടാതെ ടി കാലയളവിൽ ഫ്ലോട്ടിംഗ് ഡിസ്പെൻസറി മുഖേന നടത്തിയിരുന്ന പ്രവർത്തനങ്ങളും ചെങ്ങന്നൂർ മണ്ഡലത്തിലെ നിവാസികൾക്ക് വളരെയേറെ പ്രയോജനപ്പെട്ടിരുന്നു. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

# I. നാഷണൽ ആയുഷ് മിഷൻ

ആയുർവേദ മേഖലയുടെ സമഗ്ര വികസനത്തിനായി National AYUSH Mission മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

1. **ആയുഷ് വെൽനസ്സ് സെന്റർ**

രോഗ പ്രതിരോധത്തിനും ആരോഗ്യ സംരക്ഷണത്തിനും യോഗ ഉപയോഗപ്പെടുത്തി വിദഗ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ പതിനാല് യൂണിറ്റുകളിൽ പരിശീലനം നടത്തി വരുന്നു.

2. **ആയുഷ് ഹോളിസ്റ്റിക് സെന്റർ**

ആറ് യൂണിറ്റുകൾ ആരംഭിച്ചു. ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി, യോഗ നാച്ചുറോപ്പതി വിഭാഗങ്ങളെ ഉൾപ്പെടുത്തി സ്ഥാപിച്ചിട്ടുള്ള ചികിത്സ കേന്ദ്രങ്ങളാണിവ. തിരുവനന്തപുരം, കൊല്ലം, മലപ്പുറം, വിഭാഗങ്ങളെ ഉൾപ്പെടുത്തി സ്ഥാപിച്ചിട്ടുള്ള ചികിത്സ കേന്ദ്രങ്ങളാണിവ. തിരുവനന്തപുരം, കൊല്ലം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

3. **ആയുഷ് ട്രൈബൽ മെഡിക്കൽ യൂണിറ്റ്, അട്ടപ്പാടി**

പട്ടിക വിഭാഗങ്ങൾ നേരിടുന്ന ശാരീരിക-പോഷക ദൗർലഭ്യാനുബന്ധ രോഗങ്ങളെ പ്രതിരോധിക്കാനുള്ള പദ്ധതി, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

4. **സ്നേഹധാര പദ്ധതി**

പക്ഷാഘാതം, അസ്ഥി സന്ധ്യാശ്രിതങ്ങളായ രോഗങ്ങൾ തുടങ്ങിയ വിവിധ രോഗങ്ങൾ കാരണം വർഷങ്ങളായി കിടപ്പിലായ രോഗികൾക്കും കുടുംബാംഗങ്ങൾക്കും ആശ്വാസമേകാൻ വേണ്ടി നടപ്പിലാക്കുന്ന പ്രോജക്ട്. അതാത് പഞ്ചായത്തുകളിലെ കിടപ്പിലായ രോഗികളുടെ വീടുകൾ സന്ദർശിക്കുകയും രോഗിയ്ക്കും വീട്ടുകാർക്കും മാനസികമായി സപ്പോർട്ട് നൽകുകയും അവസ്ഥാനുസൃതം ആവശ്യമായ ആയുർവേദ ചികിത്സാ നിർദ്ദേശങ്ങളും നൽകുന്നു.

5. **ആയുഷ് ഗ്രാമം**

ആയുർവേദത്തിൽ അധിഷ്ഠിതമായ ആരോഗ്യശീലങ്ങൾ പ്രചരിപ്പിക്കുക, പകർച്ചവ്യാധി പ്രതിരോധം, ജീവിതശൈലീ രോഗപ്രതിരോധം എന്നിവയിലൂന്നിയ പ്രവർത്തനങ്ങൾ നടത്തുക, യോഗ, ഔഷധസസ്യ കൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് വേണ്ടി ആരംഭിച്ച പ്രോജക്ട്.

6. **സ്കൂൾ ഹെൽത്ത് പ്രോഗ്രാം**

പതിനൊന്ന് ജില്ലകളിൽ തിരഞ്ഞെടുക്കപ്പെട്ട ഓരോ വിദ്യാലയത്തിൽ വീതം നടത്തപ്പെടുന്നു. ആയുർവേദത്തിലധിഷ്ഠിതമായ നല്ല ആരോഗ്യശീലങ്ങൾ കുട്ടികളിൽ പ്രചരിപ്പിക്കുക വഴി ആരോഗ്യപൂർണ്ണമായ ഒരു പുതുതലമുറയെ സൃഷ്ടിക്കുക, കുട്ടികൾക്കിടയിൽ കാണപ്പെടുന്ന രോഗങ്ങൾക്ക് പരിഹാരം കാണുക. കുട്ടികൾക്ക് രോഗപ്രതിരോധ ശക്തി പ്രദാനം ചെയ്യുക ഇവയാണ് ഉദ്ദേശം.

7. **മിഴി**

നേത്ര സംരക്ഷണത്തിനായുള്ള പദ്ധതി 6-നും 16-നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കുള്ള നേത്രരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ഉദ്ദേശം. സംസ്ഥാനത്തെ തിരുവനന്തപുരം, കണ്ണൂർ, ഇടുക്കി ജില്ലകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

8. **പ്രാണശക്തി**

ചാലക നാഡീതന്ത്രിജന്യ രോഗത്തിന് (മോട്ടോ ന്യൂറോൺ ഡിസീസ്) ചികിത്സ നൽകുന്ന പദ്ധതി. രോഗിയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. പദ്ധതി തൃശ്ശൂർ ജില്ലയിലാണ് നടത്തപ്പെടുന്നത്.

9. **നിർഭയ**

ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ചികിത്സയും സാന്ത്വനവും നൽകുന്ന പദ്ധതി. മലപ്പുറം ജില്ലയിലാണ് പദ്ധതി നടത്തി വരുന്നത്.

10. **സാന്ത്വനം**

എൻഡോസൾഫാൻ രോഗബാധിതർക്കുവേണ്ടി കാസർഗോഡ് ജില്ലയിൽ ആരംഭിച്ച പദ്ധതി. രോഗികളെ ഗൃഹസന്ദർശനം നടത്തിയും ബഡ്സ് സ്കൂൾ, സ്പെഷ്യൽ സ്കൂൾ എന്നിവ സന്ദർശിച്ചും മരുന്നും സേവനങ്ങളും നൽകുകയാണ് പദ്ധതിയുടെ ഉദ്ദേശം.

11. **രാരീരം**

മാതൃ-ശിശുസംരക്ഷണം ലക്ഷ്യമാക്കി ഗർഭിണീ പരിചരണം, സൂതികാ പരിചരണം, നവജാത ശിശു പരിപാലനം എന്നിവയ്ക്കായി 5 ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, വയനാട്, കണ്ണൂർ) നടപ്പിലാക്കിവരുന്ന സമഗ്ര ആരോഗ്യപദ്ധതി.

12. **ആരോഗ്യനൗക (Floating Dispensary)**

ആലപ്പുഴ ജില്ല കേന്ദ്രീകരിച്ച് കുട്ടനാടൻ മേഖലയുടെ ആരോഗ്യ സംരക്ഷണത്തിനുള്ള പദ്ധതി.

13. **ഹർഷം**

വിഷാദ രോഗനിയന്ത്രണത്തിനും പ്രതിരോധത്തിനുമായി കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിൽ നടപ്പിലാക്കുന്ന മാനസികാരോഗ്യപദ്ധതി

14. **പിസം**

പ്രമേഹ സംബന്ധിയായ നേത്രാന്ധതയെ പ്രതിരോധിക്കുന്നതിനുള്ള നേത്ര ചികിത്സാ പദ്ധതി. തൃശ്ശൂർ ജില്ല കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നു.

ഹോമിയോപ്പതി മേഖലയുടെ സമഗ്ര വികസനത്തിനായി National AYUSH Mission മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ.

1. **സീതാലയം**

ലിംഗ സമത്വവും സ്ത്രീശാക്തീകരണവും ലക്ഷ്യമാക്കുന്ന സർക്കാർ പദ്ധതിയുടെ ഭാഗമായി ഹോമിയോപ്പതി വകുപ്പ് ആവിഷ്കരിച്ച ഈ നൂതന പദ്ധതി ലക്ഷ്യമിടുന്നത് സ്ത്രീ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ആബാലവൃദ്ധം പേർക്കും ശാരീരികവും മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് സമഗ്രചികിത്സയും തുടർന്ന് പുനരധിവാസം സാധ്യമാക്കാൻ സർക്കാർ വകുപ്പുകൾ/ ഏജൻസികൾ എന്നിവയുമായി സംയുക്ത ഇടപെടലുകളും നടത്തുക എന്നതാണ് ദൗത്യം.

2. **ആയുഷ് വെൽനെസ് സെന്റർ**

രോഗ പ്രതിരോധത്തിനും ആരോഗ്യ സംരക്ഷണത്തിനും യോഗ ഉൾപ്പെടുത്തി വിദഗ്ദ

ഡോക്ടറുടെ മേൽ നോട്ടത്തിൽ പരിശീലനം നടത്തുന്നു. ഹോമിയോപ്പതി വകുപ്പിനു കീഴിൽ എറണാകളം ജില്ലയിൽ പ്രവർത്തിച്ച വരുന്നു.

3. **ആയുഷ് ഹോളിസ്റ്റിക് സെന്റർ**

ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി. യോഗ നാച്യുറോപ്പതി വിഭാഗങ്ങളെ ഉൾപ്പെടുത്തി സ്ഥാപിച്ചിട്ടുള്ള ചികിത്സാ കേന്ദ്രങ്ങളാണ് ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ, ഹോമിയോപ്പതി വകുപ്പിന് കീഴിൽ കൊല്ലം ജില്ലയിൽ പ്രവർത്തിച്ച വരുന്നു.

4. **സദ്ഗമയ**

കൗമാരക്കാരുടെ സ്വാഭാവ വൈകല്യങ്ങൾ, കുട്ടികളിലെ പഠന വൈകല്യങ്ങൾ മറ്റു വൈകാരിക മാനസിക പ്രശ്നങ്ങൾ എന്നിവയുടെ പരിഹാരത്തിനായുള്ള ഒരു സംയോജന പദ്ധതിയാണ്. 14 ജില്ലകളിലും പ്രവർത്തിച്ച വരുന്നു.

5. **ആയുഷ്മാൻഭവ (എൻ.സി.ഡി. പ്രിവൻഷൻ)**

പ്രമേഹം, രക്ത സമ്മർദ്ദം, ദുർമേദസ്സ് എന്നിവ കേരളീയ സമൂഹത്തെ രോഗഗ്രസ്തമാക്കുമ്പോൾ ഹോമിയോപ്പതി ചികിത്സയോടൊപ്പം ഇതര ചികിത്സ പദ്ധതികളായ യോഗ, പ്രകൃതി ചികിത്സാ എന്നിവയും സംയോജിപ്പിച്ച് രോഗശമനം സാധ്യമാക്കുന്നതാണ് ഈ പദ്ധതി. 14 ജില്ലകളിലും പ്രവർത്തിച്ച വരുന്നു.

6. **ബ്രോങ്കൈൽ ആസ്തമാ പ്രോജക്റ്റ്**

തിരുവനന്തപുരം ജില്ലയിൽ ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജിൽ ടി പ്രോജക്റ്റ് പ്രവർത്തിച്ച വരുന്നു.

7. **ട്രൈബൽ ഹോമിയോപ്പതിക് മൊബൈൽ മെഡിക്കൽ യൂണിറ്റ്**

ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ, ചിന്നക്കനാൽ എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു.

8. **ഫെർട്ടിലിറ്റി സെന്റർ**

കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഹോമിയോപ്പതിയുടെ കീഴിൽ വന്ധ്യതാ ചികിത്സാകേന്ദ്രം ജനനി പ്രവർത്തിച്ച വരുന്നു.

9. **ശ്രാവ്യ**

ഇ.എൻ.ടി. പ്രോജക്റ്റ് തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജിൽ ടി പ്രോജക്റ്റ് പ്രവർത്തിച്ച വരുന്നു.

## II. ഭാരതീയ ചികിത്സാ വകുപ്പ്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### 1. വിദ്യാലയ ആരോഗ്യ പദ്ധതികൾ

സ്കൂൾ കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ചികിത്സാ പദ്ധതി

- **ഋതു** : കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുകയും 8 മുതൽ 12 വരെ ക്ലാസ്സിലെ പെൺകുട്ടികൾക്കിടയിലെ ആർത്തവ ക്രമക്കേടുകളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി.
- **പ്രസാദം :** 1 മുതൽ 10 വരെ ക്ലാസ്സിലെ സ്കൂൾ കുട്ടികളിലെ ഇരുമ്പിന്റെ അഭാവം മൂലമുണ്ടാകുന്ന അനീമിയ ക്രമപ്പെടുത്തുന്നതിനുള്ള പദ്ധതി.
- **ദൃഷ്ടി** : സ്കൂൾ കുട്ടികളിലെ കാഴ്ച വൈകല്യം പരിഹരിക്കുന്നതിനുള്ള ചികിത്സാ പദ്ധതി

### 2. ജീവനി - പുനർനവ

- **ജീവനി** - ടൈപ്പ് 2 പ്രമേഹ രോഗത്തിനുള്ള ചികിത്സാ പദ്ധതി മരുന്നുകൾ, ലാബ് ഉപകരണങ്ങൾ, റീ ഏജന്റുകൾ എന്നിവ വാങ്ങുന്നതിനും ബോധവത്ക്കരണ പരിപാടികൾ, ഐ.ഇ.സി. സാമഗ്രികൾ, ഡോക്യുമെന്റേഷൻ, ഫർണിച്ചർ വാങ്ങൽ, എക്സ്റേ എന്നിവയ്ക്കായി.
- **പുനർന്നവ** - പോസ്റ്റ് സെറിബ്രോ വാസ്കുലർ അപകടങ്ങൾ തരണം ചെയ്യുന്നതിനും പുനരധിവസിപ്പിക്കുന്നതിനുള്ള ചികിത്സാ പദ്ധതി മരുന്നുകൾ, ലാബ് ഉപകരണങ്ങൾ, റീ ഏജന്റുകൾ എന്നിവ വാങ്ങുന്നതിനും ബോധവത്ക്കരണ പരിപാടികൾ, ഐ.ഇ.സി. സാമഗ്രികൾ, ഡോക്യുമെന്റേഷൻ, ഫർണിച്ചർ വാങ്ങൽ എക്സ്റേ എന്നിവയ്ക്കായി.

### 3. തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ സിസ്റ്റംസ് ഓഫ് സ്പോർട്സ് മെഡിസിനായുള്ള ഗവേഷണ വിഭാഗം

മരുന്ന് വാങ്ങുന്നതിനും പ്രത്യേക മരുന്നുകൾ നിർമ്മിക്കുന്നതിനും, നിലവിലുള്ള സ്പോർട്സ് മെഡിസിൻ യൂണിറ്റ് ശക്തിപ്പെടുത്തൽ, ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങൽ, സ്റ്റേറ്റ് ലെവൽ കമ്മറ്റി അംഗങ്ങൾക്ക് യാത്രാബത്ത നൽകുന്നതിന്, രോഗ നിർണ്ണയ ചിലവുകളും, പരിശീലനം, ബോധവത്ക്കരണം, ഐ.ഇ.സി. മെറ്റീരിയൽസ് ദേശീയ/ സംസ്ഥാന/ ജില്ലാ തല സ്പോർട്സ് ഈവന്റസിന് ചികിത്സാ സഹായം നൽകുന്നതിനും മറ്റു ചിലവുകൾക്കും സ്പോർട്സ് യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിനും പരിശീലനം സിദ്ധിച്ച ജീവനക്കാരുടെ ഓണറേറിയം/ റെമ്യൂണറേഷൻ നൽകുന്നതിനും.

### 4. പകർച്ചവ്യാധികളും പ്രകൃതി ദുരന്തവും തടയൽ

രോഗബാധിത പ്രദേശങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തുക, പൊതു ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തുക, മരുന്ന്, മെഡിക്കൽ കിറ്റുകൾ വാങ്ങൽ, പ്രകൃതിക്ഷോഭം മൂലം ദുരിതം അനുഭവിക്കുന്ന ജനങ്ങൾക്ക് അടിയന്തിര വൈദ്യസഹായം നൽകുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള ഗതാഗത സൗകര്യം, ഐ.ഇ.സി. പ്രവർത്തനങ്ങൾ, തുടർച്ചയായുള്ള പകർച്ചവ്യാധികളുടെ വരവ് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക്.

### 5. ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എച്ച്.ഐ.എം.എസ്)

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള എല്ലാ ആശുപത്രികളെയും ഡിസ്പെൻസറികളെയും ആരോഗ്യ വിവര ശേഖരണ സംവിധാനം നടപ്പിലാക്കുന്നതിന്, സോഫ്റ്റ് വെയർ തയ്യാറാക്കൽ/

ലഭ്യമാക്കൽ, ലാൻ, കമ്പ്യൂട്ടർ, അനുബന്ധ ഭാഗങ്ങൾ, പ്രിന്റർ, കണക്റ്റിവിറ്റി, ഇലക്ട്രിക്, ഇലക്ട്രോണിക് ഉപകരണങ്ങൾ, വെബ്സൈറ്റ് നവീകരണം, റിക്കോർഡ് മുറിയുടെ ഡിജിറ്റിലൈസേഷൻ, പദ്ധതിയടിസ്ഥാനത്തിൽ സപ്പോർട്ടിംഗ് സ്റ്റാഫ് എന്നിവയ്ക്കായി.

6. **ദേശീയ ആയുഷ് മിഷൻ**

2019-20 സാമ്പത്തിക വർഷത്തിൽ ദേശീയ ആയുഷ് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള സംസ്ഥാന വിഹിതം

7. **സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്**

സംസ്ഥാനത്തെ ഔഷധ സസ്യ സമ്പത്തിന്റെ കണക്കെടുപ്പ്, ആവാസവ്യവസ്ഥയ്ക്ക് പുറത്ത് മതിയായ സംരക്ഷണം നൽകി പരിരക്ഷിക്കുക, ഉയർന്ന ഗുണനിലവാരമുള്ള വിളകളുടെ ഉൽപ്പാദനം, ബോധവത്ക്കരണ പരിപാടികൾ, സ്കൂളുകളിലും കോളേജുകളിലും ഔഷധ സസ്യത്തോട്ടം വികസിപ്പിക്കുക, സംസ്ഥാന മെഡിസിനൽ പ്ലാന്റ്സ് ബോർഡ് ശക്തിപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങൾക്കായി രോഗബാധിത പ്രദേശങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തുക, പൊതു ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തുക, മരുന്ന്, മെഡിക്കൽ കിറ്റുകൾ വാങ്ങൽ, പ്രകൃതിക്ഷോഭം മൂലം ദുരിതം അനുഭവിക്കുന്ന ജനങ്ങൾക്ക് അടിയന്തിര വൈദ്യസഹായം നൽകുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള ഗതാഗത സൗകര്യം, ഐ.ഇ.സി. പ്രവർത്തനങ്ങൾ, തുടർച്ചയായുള്ള പകർച്ചവ്യാധികളുടെ വരവ് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക്.

8. **ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും ആധുനികവത്ക്കരണവും**

ഡയറക്ടറേറ്റ്/ ജില്ലാ മെഡിക്കൽ ഓഫീസുകളുടെ നവീകരണം എന്നീ ആവശ്യങ്ങൾക്കായി, ഫർണിച്ചർ വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിന്, ഉപകരണങ്ങൾ, ഘടകഭാഗങ്ങൾ, നിലവിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകളുടേയും/ ആശുപത്രികളുടേയും/ ഡിസ്പെൻസറികളുടേയും നവീകരണം, അറ്റകുറ്റപ്പണികൾ, കാഷ് നിലവാരം കൈവരിക്കുന്നതിനായി ശുചീകരണ സൗകര്യങ്ങൾ എന്നീ ആവശ്യങ്ങൾക്കായും ആധുനികവത്ക്കരണവും കമ്പ്യൂട്ടർവത്ക്കരണവും, ആശുപത്രികളുടെ ക്രമവത്ക്കരണവും നിലവാരമുയർത്തലും, മരുന്ന് വാങ്ങൽ, താത്ക്കാലിക ഡിസ്പെൻസറികൾ, ഏറ്റവും നല്ല ഡോക്ടർമാർക്കുള്ള അവാർഡ്, പരിശീലനം, സ്പെഷ്യാലിറ്റി യൂണിറ്റുകൾ, ഗവേഷണ പ്രവർത്തനങ്ങൾ, സിദ്ധ ആശുപത്രികൾ ഡിസ്പെൻസറികൾ, പ്രകൃതി ചികിത്സാ ആശുപത്രികൾ ഡിസ്പെൻസറികൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക്.

9. **നിർമ്മാണ പ്രവർത്തനങ്ങൾ**

ജില്ലകളിലെ ആയുർവേദ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി.

10. **ഔഷധി**

ഔഷധിക്ക് ഉപകരണങ്ങൾ, യന്ത്രങ്ങൾ വാങ്ങൽ, ഔഷധ ഉദ്യാനം എന്നിവയ്ക്കായി.

## III. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- പൊതുജനങ്ങൾക്കും ആയുർവേദ ചികിത്സാ സമ്പ്രദായത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും, പ്രയോജനം ലഭിക്കുന്നതിന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ ആയുർവേദ മെഡിക്കൽ കോളേജുകളുടെയും ആശുപത്രിയുടെയും അടിസ്ഥാന സൗകര്യവികസത്തിനും, മറ്റ് പ്രവർത്തനങ്ങൾക്കുമായി മതിയായ തുക വിവിധ പദ്ധതികളിലായി വിനിയോഗിച്ചുവരുന്നു.
- ആയുർവേദ ചികിത്സയിലൂടെ മാനസിക രോഗത്തിന് ഫലപ്രദമായ ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെ പ്രത്യേക ആശുപത്രി സ്ഥാപിക്കുന്നതിനായും, ആദ്യഘട്ടം എന്ന നിലയിൽ പ്രത്യേക ഒ.പി.കൾ ആരംഭിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.
- കേരളത്തിലെ പരമ്പരാഗത അറിവുകളുടെ കണ്ടെത്തലിനും ഇവ ഡിജിറ്റലൈസ് ചെയ്ത് സംരക്ഷിക്കുന്നതിനുമായുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
- ആയുർവേദ ചികിത്സയിൽ വൃദ്ധജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ചികിത്സ ലഭ്യമാക്കുന്നതിനായി പ്രസ്തുത പദ്ധതി നടത്തിവരുന്നു.
- ആയുർവേദ ചികിത്സയിലൂടെ സ്ത്രീകളുടെ ഗർഭസ്ഥ സംബന്ധമായിട്ടുള്ളതും, പ്രസവാനന്തര ശുശ്രൂഷയും. ഫലപ്രദമായി നടത്തുന്നതിനും കൂടാതെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിനുമായി ആയുർവേദ ഗൈനക്കോളജിയും, ഭിന്നശേഷിയുള്ള കുട്ടികളുടെ പരിപാലനവും, സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.
- കേരളത്തിൽ ആയുർവേദത്തിന്റെ സമഗ്ര പുരോഗതിക്ക് സഹായമാകുന്ന തരത്തിൽ ആയുർവേദവും ആധുനിക ജൈവസാങ്കേതിക വിദ്യയും ബന്ധപ്പെട്ടുത്തിയുള്ള ഗവേഷണങ്ങൾ ക്കുവേണ്ടി അന്തർദേശീയ നിലവാരമുള്ള ലാബോട്ടറിയും പഠനകേന്ദ്രവും സ്ഥാപിക്കുന്ന തിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## IV. ഹോമിയോപ്പതി വകുപ്പ്

ഹോമിയോപ്പതി വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- വനിതകൾക്കായുള്ള ആരോഗ്യ പരിരക്ഷണ – സ്ത്രീ സുരക്ഷാ സാന്ത്വന പദ്ധതിയായ **സീതാലയം.**
- ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി യോഗ - പ്രകൃതിജീവനം - ഹോമിയോപ്പതി സമ്പ്രദായങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്ര ചികിത്സാ പദ്ധതി – **AYUSH HOLISTIC CENTRES (ആയുഷ്മാൻ ഭവ:)**
- കൗമാരപ്രായക്കാരുടെ ആരോഗ്യ പരിചരണത്തിനും വ്യക്തിത്വ വൈകല്യം പരിഹരിക്കുന്നതിനുമുള്ള **കൗമാര ആരോഗ്യ പരിചരണ സ്വഭാവ രൂപീകരണ പദ്ധതി (സദ്ഗമയ)**
- ക്യാൻസർ പരിചരണത്തിനും, സാന്ത്വനത്തിനുമായുള്ള **പെയിൻ & പാലിയേറ്റീവ് കെയർ സെന്ററുകൾ**
- സാംക്രമിക രോഗനിയന്ത്രണ പദ്ധതി
- വിവിധ രോഗങ്ങൾക്കുള്ള **ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ**
- വന്ധ്യതാ നിവാരണ പദ്ധതിയായ **ജനനി**
- വയോജന പരിപാലന പദ്ധതി.
- ആലപ്പുഴ ജില്ലയിലെ (കുട്ടനാട്, ചമ്പക്കുളം, ഹരിപ്പാട്) ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ.
- ഇടുക്കി, വയനാട് ജില്ലകളിലെ മൊബൈൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ
- തീർത്ഥാടന കേന്ദ്രങ്ങളിൽ ഉത്സവ വേളകളിലെ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ
- ഹോമിയോ ആശുപത്രി/ ഡിസ്പെൻസറികളെ NABH/ KASH നിലവാരത്തിലേക്ക് ഉയർത്തൽ.
- ജില്ലയിലെ ഒരു മികച്ച ഡിസ്പെൻസറിയെ മോഡൽ ഹോമിയോ ഡിസ്പെൻസറിയായി മെച്ചപ്പെടുത്തൽ.
- മരുന്നിന്റെ സംഭരണവും, വിതരണവും സുഗമമാക്കുന്നതിനുവേണ്ടി ജില്ലാ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കൽ
- ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും
- ഓഫീസ് പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി **ഇ-ഗവേണൻസ്** നടപ്പിലാക്കൽ.
- ട്രാൻസ്ജെൻഡേഴ്സിന്റെ ആരോഗ്യപരിചരണത്തിനും സാന്ത്വനത്തിനുമായുള്ള സ്പെഷ്യാലിറ്റി ക്ലിനിക്ക് (**നിസർഗ:**)
- ഹോമിയോപ്പതി സ്ഥാപനങ്ങളുടെ നിർമ്മാണ/ നവീകരണ പദ്ധതി.
- ഹോമിയോപ്പതി വകുപ്പിന്റെ ആതുരസേവന പ്രവർത്തനങ്ങളുടെ നടത്തിപ്പിനായുള്ള ദേശീയ ആയുഷ് മിഷന്റെ സഹകരണത്തോടുകൂടിയ കേന്ദ്രാവിഷ്കൃത പദ്ധതി. (60% കേന്ദ്രധനസഹായം – 40% സംസ്ഥാന വിഹിതം)
- ഹോമിയോ മെഡിക്കൽ/ പാരാ മെഡിക്കൽ ജീവനക്കാർക്കായുള്ള തുടർ മെഡിക്കൽ വിദ്യാഭ്യാസ – പരിശീലന പദ്ധതി.
- ഹോമിയോ മരുന്ന് നിർമ്മാണ ഫാർമസിയായ ആലപ്പുഴ പാതിരപ്പള്ളിയിലെ ഹോംകോയുടെ വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ധനസഹായ പദ്ധതി.

## V. ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം

ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിൽ ഒ.പി., ഐ.പി. ചികിത്സകൾക്ക് പുറമെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ജീവിതശൈലീ രോഗങ്ങൾ, ചർമ സൗന്ദര്യ വിഭാഗം, വയോജന വിഭാഗം, ശിശുവിഭാഗം എന്നിവയുള്ള പ്രത്യേക ഒ.പി. സംവിധാനം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.
2. കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് വിജയകരമായി നടത്തിവരുന്നു.
3. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ഒരു വകുപ്പ് തല ഗവേഷണ വിംഗ് ആരംഭിക്കുകയും, പലതരം ഗവേഷണ പ്രവർത്തികൾ നടത്തി വരികയും ചെയ്യുന്നു.
4. അധ്യാപകർക്കായി സ്റ്റേറ്റ് ട്രെയിനിംഗ് പ്രോഗ്രാം, അനദ്ധ്യാപക വിഭാഗത്തിലെ ജീവനക്കാർക്കായി ഇൻ സർവീസ് ട്രെയിനിംഗ് പ്രോഗ്രാം എന്നിവ ഭരണാനുമതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടത്തിവരുന്നു.
5. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ നാഷണൽ ആയുഷ് മിഷന്റെ സഹായത്തോടെ ആരംഭിച്ച ശ്രാവ്യ പ്രോജക്ട് (ഇ.എൻ.റ്റി. സ്പെഷ്യൽ ഒ.പി) നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു.
6. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ നിലവിലുള്ള കാൻസർ കെയർ യൂണിറ്റ് വളരെ നല്ല രീതിയിൽ പ്രവർത്തിച്ച് വരികയും, ധാരാളം രോഗികൾക്ക് കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കിവരികയും ചെയ്യുന്നു.
7. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ നാഷണൽ ആയുഷ് മിഷന്റെ സഹായത്തോടെ ആരംഭിച്ച സോറിയാസിസ് മാനേജ്മെന്റ് പ്രോഗ്രാം നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു.
8. കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.
9. ആശുപത്രിയിലെ ജൈവ-അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ലക്ഷ്യമിട്ട പദ്ധതി ആരംഭിച്ചിട്ടുണ്ട്.
10. കോളേജിനായി എൻ.എ.എ.സി. അക്രെഡിറ്റേഷനും, ആശുപത്രിയ്ക്കായി എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട പ്രാരംഭ പരിശീലനം ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.
11. പി.ജി., ഇന്റേണി വിദ്യാർത്ഥികൾക്കായുള്ള വനിതാ ഹോസ്റ്റൽ നിർമ്മാണം അവസാന ഘട്ടത്തിലാണ്.
12. മിനി സബ് സ്റ്റേഷന്റെ മരാമത്ത് പണികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ഇലക്ട്രിക്കൽ വർക്കുകൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ്.
13. കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് 8 നിലയുള്ള പുതിയ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ ജോലികൾ നടന്നു വരുന്നു.
14. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ഔദ്യോഗിക വെബ്സൈറ്റ് ആരംഭിച്ചു.
15. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ലൈബ്രറിയോടനുബന്ധിച്ച Radio-frequency Identification (ആർ.എഫ്.ഐ.ഡി) സംവിധാനം നടപ്പിലാക്കി വരുന്നു.

16. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ഫാർമസി കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

17. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫിസിയോതെറാപ്പിസ്റ്റ്, ഡയറ്റീഷ്യൻ, യോഗ എക്സ്പെർട്ട് എന്നിവരുടെ സേവനം നൽകിവരുന്നു.

സെക്ഷൻ ഓഫീസർ.